ഉത്തരം

(എ) 30-6-2003-ലെ കണക്കനുസരിച്ച് വിവിധ തസ്തികകളിലായി 1659 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(ബി)	ഡെപ്യൂട്ടി കളക്ടർ	..	34
	തഹസിൽദാർ	..	37
	യു.ഡി.സി.	..	50
	എൽ.ഡി.സി.	..	714
	എൽ.ഡി. ടൈപ്പിസ്റ്റ്	..	50
	വില്ലേജ്മാൻ	..	576
	എൽ.ജി.എസ്.	..	180
	ഡ്രൈവർ	..	18

(സി, ഡി) എൽ.ഡി.ക്ലാർക്ക്, എൽ.ജി.എസ്., എൽ.ഡി. ടൈപ്പിസ്റ്റ്, വില്ലേജ്മാൻ, ഡ്രൈവർ എന്നീ തസ്തികകളിൽ മറ്റു വകുപ്പുകളിൽ അധികമെന്ന് കണ്ടെത്തിയിട്ടുള്ള വരുടെ വിന്യാസം വഴിയോ സർപ്ലസ് മാൻ പവർ സെല്ലിന്റെ അനുവാദത്തോടെ പി.എസ്.സി. വഴിയോ നിയമനം നടത്തുന്നതിനും ഡെപ്യൂട്ടി കളക്ടർമാരുടേയും തഹസിൽദാർമാരുടേയും ഒഴിവുകൾ നികത്തുന്നതിലേയ്ക്ക് ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കി അതിൽനിന്ന് നിയമനം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) സർക്കാരിന്റെ ഇപ്പോഴുള്ള മോശപ്പെട്ട സാമ്പത്തിക സ്ഥിതിമൂലം ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പ്രഗത്ഭരായ ജുഡീഷ്യൽ ഉദ്യോഗസ്ഥരെ നിയമിക്കാൻ നടപടി

17 [4992] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് വന്നശേഷം പബ്ലിക് പ്രോസിക്യൂട്ടർ ഉൾപ്പെടെ എത്ര ജുഡീഷ്യൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്;

(ബി) ജില്ല തിരിച്ച് നിയമിച്ചവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) ഇവർക്കുവേണ്ടി സർക്കാർ ഖജനാവിൽനിന്നും എത്രരൂപ ചെലവാക്കുന്നു; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇതിൽ എത്ര പേരെ വിവിധ ടെസ്റ്റുകൾ മൂലവും എത്രപേരെ നേരിട്ടും നിയമിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇവർ കേസുകൾ വാദിച്ചതുമൂലം എത്ര കേസ്സുകളിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(എഫ്) കഴിവില്ലാത്ത ഇത്തരം ഉദ്യോഗസ്ഥരെ മാറ്റി പുതിയ പ്രഗല്ഭരായ ഉദ്യോഗസ്ഥരെ നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് വന്നശേഷം ആകെ 84 പേരെ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരായി നിയമിച്ചിട്ടുണ്ട്.

(ബി) ജില്ല തിരിച്ച് നിയമിച്ചവരുടെ ലിസ്റ്റ് അനുബന്ധം (എ) ആയി കൊടുക്കുന്നു†.

(സി) ജില്ലാ ഗവൺമെന്റ് പ്ലീഡർമാർക്ക് പ്രതിമാസം 10,000 രൂപ ക്രമത്തിലും അഡീഷണൽ ജില്ലാ ഗവൺമെന്റ് പ്ലീഡർമാർക്ക് പ്രതിമാസം 9,000 രൂപ ക്രമത്തിലും വേതനം നൽകുന്നുണ്ട്.

(ഡി) ടെസ്റ്റുമൂലം ആരെയും നിയമിച്ചിട്ടില്ല. എല്ലാവരെയും നിയമിച്ചിട്ടുള്ളത് യോഗ്യരായ അഭിഭാഷകരുടെ പാനലിൽ നിന്നുമാണ്.

(ഇ) ഇവർ വാദിച്ചതുമൂലം കേസുകളിൽ സർക്കാർ പരാജയപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

ജില്ലാ കളക്ടറേറ്റുകളിൽ ലാ ആഫീസർമാരുടെ നിയമനം

18 [4993] ശ്രീ. കോഴൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് എന്ന നിലയിലും വിവിധ നിയമപ്രകാരവും ജില്ലാ കളക്ടർമാരിൽ നിക്ഷിപ്തമായിരിക്കുന്ന ക്വാസി ജുഡീഷ്യൽ അധികാരങ്ങൾ വിനിയോഗിക്കപ്പെടേണ്ട കേസുകൾ തീർപ്പാക്കുന്നതിൽ ഉള്ള കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ജില്ലാ കളക്ടർമാരുടെ ജോലിഭാരം കണക്കിലെടുത്ത് നിയമങ്ങളുടെ വ്യാഖ്യാനം ആവശ്യമായ ഫയലുകൾ തീർപ്പാക്കുന്നതിനായി നടപടി സ്വീകരിക്കുമോ;

(സി) നിയമപരമായി വ്യാഖ്യാനങ്ങൾ ആവശ്യമായ ഇത്തരം കേസുകൾ നിയമ പരിജ്ഞാനം ഇല്ലാത്തവർ കൈകാര്യം ചെയ്യുന്നത് കാരണമുണ്ടാകുന്ന പിഴവുകൾ ഒഴിവാക്കാൻ പ്രത്യേക സെൽ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് എന്ന നിലയിലും വിവിധ നിയമപ്രകാരവും ജില്ലാ കളക്ടർമാരിൽ നിക്ഷിപ്തമായിരിക്കുന്ന ക്വാസി ജുഡീഷ്യൽ അധികാരങ്ങൾ വിനിയോഗിക്കപ്പെടേണ്ട കേസുകൾ നിലവിലുള്ള സംവിധാനത്തിൽ കാലതാമസം കൂടാതെ തീർപ്പായിവരുന്നുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly